II ഇ.ബി. XV- കേരള നിയമസഭ/IX-7

**പതിനഞ്ചാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 സെപ്റ്റംബർ 14, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

27 (*181) മൾട്ടി സ്റ്റേറ്റ് സഹകരണ നിയമ ഭേദഗതിയും സംസ്ഥാനത്തിന്റെ പ്രതിരോധ നടപടികളും

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സഹകരണം സംസ്ഥാന വിഷയമാണെന്ന് സുപ്രീംകോടതി നിരീക്ഷിച്ച സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിച്ച് സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്നതിനാണ് നിയമഭേദഗതിയിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിൽ ലയിപ്പിച്ച് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘമാക്കി

മാറ്റുന്നതിനും സംസ്ഥാന സഹകരണ നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം ഒരു സംഘത്തെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിനും സഹകരണ മേഖലയ്ക്ക് സമാന്തരമായി മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ പുതിയ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്കെതിരായതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 131-ലെ വ്യവസ്ഥകൾ പ്രകാരം സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുമായുള്ള ലയനത്തിന് നിയന്ത്രണം കൊണ്ടുവരുന്ന വ്യവസ്ഥ 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേരളത്തിൽ രജിസ്റ്റർ ചെയ്ത 38-ഉം ഇതരസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത 68-ഉം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങളിൽ പരിശോധന നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെങ്കിലും സംഘങ്ങളുടെ

സഹകരണമുണ്ടാകാറില്ലെന്നും ചാർട്ടേഡ് അക്കൗണ്ടന്റുമാരെയോ സെൻട്രൽ രജിസ്ട്രാറുടെ പാനലിലുള്ള ആഡിറ്റർമാരെയോ ചുമതലപ്പെടുത്തിയാണ് ആഡിറ്റ് നടത്തിവരുന്നതെന്നും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ നിക്ഷേപക ഗ്യാരന്റി സ്കീമിന്റെ പരിധിയിൽ വരില്ലെന്നും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഏകീകൃത സോഫ്റ്റ്‌വെയറിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 28 (*182) ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, ദീർഘകാല കരാറുകൾ റദ്ദാക്കിയതിലൂടെ വൈദ്യുതി വാങ്ങൽ വില ഉയർന്നുവെന്നും ഇതിലൂടെയുണ്ടാകുന്ന അധികച്ചെലവ് സർചാർജ്ജായി ഈടാക്കുകയില്ലെന്നും സഭയെ അറിയിച്ചു. 2014-15 കാലയളവിൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നല്കാത്ത വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കെ.എസ്.ഇ. ബി.എൽ. സമർപ്പിച്ച അപ്പീൽ അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റിയുടെ പരിഗണനയിലാണ്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ

പാലിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ. വീഴ്ചവരുത്തിയതുകൊണ്ടാണ് കരാറുകൾക്ക് അംഗീകാരം നല്കാത്തതെന്നാണ് റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിൽ പരാമർശിക്കുന്നതെന്നും റദ്ദാക്കിയ 465 മെഗാവാട്ടിന്റെ വൈദ്യുതി കരാറുകൾ പുനരുജ്ജീവിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വൈദ്യുതി കരാറുകൾ റദ്ദാക്കിയ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നടപടി സംസ്ഥാന താൽപ്പര്യത്തിന് അനുസൃതമല്ലെന്നും അത് മറികടക്കുന്നത് സംബന്ധിച്ച് ആലോചിച്ചുവരികയാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

29 (*183) <u>പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുന്ന രോഗികളെ ആവശ്യാനുസരണം സഹകരണ ആശുപത്രിയിലെത്തിച്ച്

ചികിത്സ നല്കിയശേഷം വീട്ടുകളിലെത്തിക്കുകയും തുടർചികിത്സ വേണമെങ്കിൽ നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും ഫീസ് ഈടാക്കുകയുമാണ് ചെയ്യുന്നത്. 10 ജില്ലകളിലായി 23 ആശുപത്രി സഹകരണ സംഘങ്ങളിൽ പ്രസ്തുത സേവനം നൽകിവരുന്നുണ്ട്; മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികൾക്ക് ആംബുലൻസ് അനുവദിക്കുമെന്നും എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ സ്ഥാപിക്കുന്നതിന് ശ്രമിക്കുമെന്നും വടക്കാഞ്ചേരിയിൽ കേപ്പിന്റെ (കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ) നിയന്ത്രണത്തിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

30 (*184) <u>ഭൂമി രജിസ്ട്രേഷൻ സുതാര്യവും വേഗത്തിലുമാക്കാൻ നടപടി</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, ഭൂമി രജിസ്ട്രേഷൻ സുതാര്യവും വേഗത്തിലുമാക്കാൻ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും തൊഴിലിനെ ബാധിക്കാത്ത വിധം രജിസ്ട്രേഷൻ വകുപ്പിൽ ആധുനികവൽക്കരണം

സാദ്ധ്യമാക്കിവരുന്നുണ്ടെന്നും രജിസ്ട്രേഷൻ വകുപ്പിന്റെ PEARL, റവന്യൂ വകുപ്പിന്റെ ReLIS എന്നിവ സംയോജിപ്പിച്ച് ആധാര രജിസ്ട്രേഷനോടൊപ്പം പോക്കുവരവും നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്നതോടെ 'എന്റെ ഭൂമി' എന്ന ഏകജാലക പോർട്ടലിലൂടെ രജിസ്ട്രേഷൻ, റവന്യൂ, സർവ്വെ വകുപ്പുകളുടെ സേവനങ്ങൾ ലഭ്യമാകുന്നതും പ്രസ്തുത പോർട്ടലിൽ ലഭ്യമാകുന്ന ആധാര മാതൃകകളുപയോഗിച്ച് കമ്പ്യൂട്ടർ മുഖാന്തരം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യാവുന്നതും അതേ ദിവസം തന്നെ പോക്കുവരവ് നടത്താൻ കഴിയുന്നതുമാണ്. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും വെബ് ക്യാമറ, ബയോമെട്രിക് സ്കാനർ, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡുകൾ എന്നിവയുടെ വിതരണം പൂർത്തിയായിട്ടുണ്ടെന്നും 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആദ്യഘട്ടമായി ഇ-സ്റ്റാമ്പിംഗ് ടെസ്റ്റ് റൺ നടത്തിയിട്ടുണ്ടെന്നും രജിസ്ട്രേഷൻ പ്രക്രിയയുടെ ഭാഗമായ പുറത്തെഴുത്തുകൾ ഡിജിറ്റൽ രൂപത്തിൽ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും ഇതിനായി രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

31 (*185) വ്യവസായ നയം 2023

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി കേരള വ്യവസായ നയം 2023 അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ദൃഢമായ സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്വ നിക്ഷേപങ്ങളെയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്കാവശ്യമായ നൂതന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുക, 'കേരള ബ്രാൻഡ്' ലേബലിൽ ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാക്കുക, വിദേശ വിപണി കണ്ടെത്താൻ സഹായിക്കുക എന്നിവ പുതിയ വ്യവസായ നയത്തിന്റെ ലക്ഷ്യങ്ങളാണ്. നിക്ഷേപങ്ങൾക്കുള്ള ഹബ്ബായി കേരളത്തെ മാറ്റുന്നതിന്റെ ഭാഗമായി സുസ്ഥിര വ്യവസായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സംരംഭകർക്കുവേണ്ടി പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതാണ്. അതിവേഗ വളർച്ചയുള്ള 'സൺറൈസ്' സംരംഭങ്ങളെ ആകർഷിക്കുന്നതിനും

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് വ്യവസായ നയത്തിൽ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. സംരംഭങ്ങളെ ജിയോ ടാഗ് ചെയ്യുമെന്നും എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിച്ചുവെന്നും സംരംഭകർക്ക് ടാക്സ് റിട്ടേണും ജി.എസ്.റ്റി. സ്റ്റേറ്റ്മെന്റും തയ്യാറാക്കാൻ ചാർട്ടേഡ് അക്കൗണ്ടന്റിനെ സൗജന്യമായി നൽകുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ സംഘടനയുമായി വ്യവസായ വകുപ്പ് ധാരണാപത്രം ഒപ്പുവച്ചുവെന്നും മന്ത്രി അറിയിച്ചു. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 139500 പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും 2500 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരുന്നതിനും മൂന്ന് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പലിശ എഴുതിത്തള്ളുമെന്നും സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക് പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങൾ നല്കുന്നതിന് 20 കോടി രൂപയും ഷെല്ലിംഗ് സെക്ഷനിലെ ആധുനികവൽക്കരണത്തിന് അഞ്ച് കോടി രൂപയും തൊഴിലിടങ്ങൾ സ്ത്രീസൗഹൃദമാക്കുന്നതിന് അഞ്ച് കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്നും വർക്കിംഗ് കാപ്പിറ്റൽ ക്രൈസിസ് നേരിടുന്ന

സ്വകാര്യ കശുവണ്ടി കമ്പനികൾക്കായി ഏഴ് കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടെന്നും കശുവണ്ടി ഫാക്ടറികൾക്ക് കശുവണ്ടി ഉറപ്പാക്കാനായി കാഷ്യൂ ബോർഡിന് 43 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും തോട്ടം മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപവത്കരിച്ചിട്ടുണ്ടെന്നും റീസൈക്ലിംഗ് പാർക്കിന് വ്യവസായ വകുപ്പിന്റെ സഹകരണമുണ്ടാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സംരംഭങ്ങൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള പ്രശ്നപരിഹാരത്തിന് ഉപജില്ല/ജില്ല/സംസ്ഥാനതലത്തിലുള്ള സ്ഥിരം അദാലത്ത് സമിതികൾ ആരംഭിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി വ്യക്തമാക്കി.

32 (*186) <u>ഡാമുകളിൽ നിന്നും പുറന്തള്ളുന്ന വെള്ളം പുനരുപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, വൈദ്യുതി ബോർഡിന്റെ ഡാമുകളിൽനിന്നും വൈദ്യുതോല്പാദനം നടത്തിയശേഷം പുറന്തള്ളപ്പെടുന്ന ജലം പുനരുപയോഗിച്ച് വൈദ്യുതോൽപ്പാദനം നടത്തുന്നതിനായി ഇടുക്കി, പള്ളിവാസൽ, കക്കയം-പെരുവണ്ണാമൂഴി, ഇടമലയാർ പദ്ധതികളുടെ സാധ്യതാപഠനം നടത്തുകയും

എനർജി മാനേജ്മെന്റ് സെന്ററിന് ഇതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊരിങ്ങൽക്കുത്ത് ജലവൈദ്യുത നിലയത്തിൽനിന്നും പുറന്തള്ളപ്പെടുന്ന ജലത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടികൾ ആവിഷ്കരിക്കുകയും 10 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യത കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമാംവിധം ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റേസുകളിൽ ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വൈദ്യുതോല്പാദനം സാധ്യമാക്കുന്നതിന് ഇ.എം.സി. വഴി പൈലറ്റ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും 14 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളിൽനിന്നും ഉദ്ദേശം 6945 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാകുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടെന്നും വൈദ്യുതി ഉല്പാദനത്തിനൊപ്പം ഡാമുകളെ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.